**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5591 18.11.2019 ൽ മറുപടിക്ക്

## 'ശ്വാസ്' പ്രോഗ്രാം

| ചോദ്യം<br><br>ശ്രീ.ജോർജ് എം. തോമസ്<br>,, എ. എൻ. ഷംസീർ<br>,, കെ.വി.വിജയദാസ്<br>,, സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആർദ്രം മിഷന്റെ ഭാഗമായി സി.ഒ.പി.ഡി. (ക്രോണിക്ക് ഒബ്സ്ട്ര ക്ടീവ് പൾമിനറി ഡിസീസ്) പ്രതിരോധത്തിനായി കുടുംബാരോഗ്യകേന്ദ്ര തലം മുതൽ ശ്വാസ് പ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ 178 കുടുംബാരോഗ്യകേന്ദ്രങ്ങളിലും 39 ജില്ലാ /ജനറൽ /താലൂക്കാശുപത്രികളിലും ശ്വാസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | സി.ഒ.പി.ഡി. രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും ഇവ പ്രാഥമിക ഘട്ടത്തിൽതന്നെ തിരിച്ചറിയുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളത്; | (ബി) | സി.ഒ.പി.ഡി(ക്രോണിക്ക് ഒബ്സ്ട്ര ക്ടീവ് പൾമിനറി ഡിസീസ്) എന്നത് ശ്വാസകോശത്തെ ബാധിക്കുന്ന ഒരു രോഗമാണ്. സി.ഒ.പി.ഡി എന്ന മാറാരോഗത്തിന്റെ വരും വരായ്കകൾ മുൻകൂട്ടി കണ്ടു കൊണ്ടാണ് കേരള സർക്കാർ ശ്വാസ് പദ്ധതി ആരംഭിച്ചത്. 178 കുടുംബാരോഗ്യകേന്ദ്രങ്ങളിലും 39 ജില്ലാ ,ജനറൽ, താലൂക്കാശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ സ്പൈറോമീറ്റർ വാങ്ങി നൽകുകയുംപൾമനറി ഫംഗ്ഷൻ ടെസ്റ്റ് നടത്തി സി.ഒ.പി.ഡി രോഗ നിർണ്ണയം നടത്തുകയും ചെയ്യുന്നു. രോഗം സ്ഥിരീകരിക്കുന്നവർക്കുള്ള പ്രത്യേക ചികിത്സയും സൗജന്യമായാണ് നടത്തി വരുന്നത്.രോഗചികിത്സയ്ക്കുള്ള ഇൻഹെലർ മരുന്ന് സൗജന്യമായി ഈ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. കൂടാതെ Non Invasive Ventiletor, Oxygen Concentrator, Pulse Oxymeter തുടങ്ങിയ ഉപകരണങ്ങളും ശ്വാസ് പദ്ധതിയിൽ നൽകി വരുന്നു. |
| (സി) | എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാർക്കും ഇതുസംബന്ധിച്ച് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | സി.ഒ.പി.ഡി രോഗനിർണ്ണയത്തിനായി ഉപയോഗിക്കുന്ന സ്പൈറോമീറ്റർ ടെസ്റ്റിനെക്കുറിച്ചും,ഇൻഹെയിലർ മരുന്ന് ഉപയോഗിക്കുന്ന ടെക്നിക്കുകളെക്കുറിച്ചും, ശ്വസന വ്യായാമങ്ങൾ ഉൾപ്പെടെയുള്ള പൾമണറി റീഹാബിലിറ്റേഷനെക്കുറിച്ചും,സി.ഒ.പി.ഡി പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള ട്രെയിനിംഗുകൾ മെഡിക്കൽ ഓഫീസർമാർക്കും, സ്റ്റാഫ് നഴ്സുമാർക്കും, മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകൾക്കും നൽകിയിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ